**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1457** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ദേശീയ ജലപാത നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. നവാസ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ദേശീയ ജലപാത നവീകരണത്തോടനുബന്ധിച്ച് താനൂർ നിയോജക മണ്ഡലത്തിലെ കനോലി കനാൽ നവീകരണം നടത്തുന്നതിനുള്ള നടപടി വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ എങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** താനൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കനോലി കനാൽ ദേശീയ ജലപാതാ നിലവാരത്തിൽ നവീകരിക്കുന്നതിനായി സർവ്വേയും അതിർത്തി നിർണ്ണയവും നടത്തുന്നതിനുവേണ്ടി താനൂർ മുനിസിപ്പാലിറ്റിയിൽ പശ്ചിമതീര (വെസ്റ്റ് കോസ്റ്റ്) കനാലിന്റെ ചെ. 343.056 കി.മീ മുതൽ 349.131 കി.മീ വരെ ടോപോഗ്രാഫിക്കൽ സർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾക്കുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇപ്പോൾ റീ - ടെണ്ടർ ഘട്ടത്തിലാണ്. സർവ്വേ /ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായാൽ മാത്രമെ രൂപരേഖ തയ്യാറാക്കുവാൻ സാധിക്കൂ.

**(ബി)** ജില്ലയിലെ നാവിഗേഷൻ റൂട്ടിൽ ഇപ്പോൾ ജലഗതാഗ സർവ്വീസ് സംബന്ധിച്ച് ദേശീയ ജലപാത വിഭാഗത്തിന് കൈമാറുന്ന വിവരങ്ങൾ പദ്ധതിക്ക് ഏതെങ്കിലും തരത്തിലുള്ള തടസ്സം സൃഷ്ടിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള പരിഹാര നടപടി സ്വീകരിക്കാമോ;

**<u>മറുപടി:</u>** കൊല്ലം-കോഴിക്കോട് ദേശീയ ജലപാത-3 ൽ ഉൾപ്പെടുന്നതാണ് മലപ്പുറം ജില്ലയിലെ നാവിഗേഷൻ റൂട്ട്. ദേശീയ ജലപാതകളുടെ വികസനവും പരിപാലനവും നിർവ്വഹിക്കുന്നത് ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ്. ദേശീയ ജലപാത-3 ൽ കൊല്ലം മുതൽ തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം വരെയുള്ള ഭാഗം ദേശീയ ജലപാതാ നിലവാരത്തിൽ IWAI വികസിപ്പിച്ചിട്ടുണ്ട്. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ജലപാതയുടെ വികസനത്തിനായി ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ഡി.പി.ആർ തയ്യാറാക്കിയിരുന്നെങ്കിലും നാളിതുവരെ അതിന് അംഗീകാരം നല്കി പ്രവൃത്തി നടപ്പാക്കിയിട്ടില്ല. ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ളതായതിനാൽ കനാലുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ദേശീയ ജലപാത അതോറിറ്റി (IWAI) - യുടെ എൻ.ഒ.സി ആവശ്യമാണ്.

**(സി)** താനൂർ മണ്ഡലത്തിൽ കനോലി കനാൽ നവീകരണം, ദേശീയ ജലഗതാഗതം എന്ന പേരിൽ വൈകുന്നതിനാൽ കനോലി കനാലിന് കുറുകെയുള്ള പാലങ്ങൾ അപകടാവസ്ഥയിലായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പാലങ്ങളുടെ നവീകരണം സംബന്ധിച്ചുള്ള നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** കനോലി കനാലിനു കുറുകെ സ്ഥിതി ചെയ്യുന്ന ചീരാൻ കടപ്പുറം, എടക്കടപ്പുറം, ചാപ്പപ്പടി, സലഫി നഗർ, പുതിയകടപ്പുറം നടപ്പാലങ്ങൾ ദേശീയ ജലപാത മാനദണ്ഡങ്ങൾക്കനുസൃതമായി പുതുക്കിപ്പണിയുന്ന കാര്യം പരിശോധിച്ചു വരികയാണ്. ചീരാൻ കടപ്പുറം, എടക്കടപ്പുറം, ചാപ്പപ്പടി പാലങ്ങൾ ഫൂട്ട് ബ്രിഡ്ജ് ആയും സലഫി നഗർ, പുതിയകടപ്പുറം എന്നീ പാലങ്ങൾ റോഡ് ബ്രിഡ്ജ് ആയും പുതുക്കിപ്പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച ശേഷം രൂപരേഖ തയ്യാറാക്കുന്നതിനായി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) - ലേയ്ക്ക് ഇൻഡന്റ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പാലങ്ങളുടെ പുനർ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ വിവരശേഖരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ഡി)** പാലങ്ങൾ നവീകരിക്കുമ്പോൾ 3 ഹൊറിസോണ്ടൽ ക്ലിയറൻസ്,വെർട്ടിക്കൽ ക്ലിയറൻസ് വേണമെന്നതിനാൽ അപകടാവസ്ഥയിലായ പാലങ്ങൾ പുന:നിർമ്മിക്കുന്നതിന് വലിയ ഫണ്ടുകൾ വേണമെന്നത് പല പദ്ധതികൾക്കും തടസ്സമാവുന്നുണ്ടെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;അത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ അപകടാവസ്ഥയിലുള്ള പാലങ്ങൾ ദേശീയ ജലപാത പദ്ധതി യാഥാർത്ഥ്യമാവുമ്പോൾ പൊളിച്ചു മാറ്റാമെന്ന വ്യവസ്ഥയിൽ ചെറിയ പാലങ്ങൾ നിർമ്മിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ;

**<u>മറുപടി:</u>** താനൂർ കുട്ടായി കനാൽ ദേശീയ ജലപാത-3 – ന്റെ ഭാഗമായതിനാൽ നിർദ്ദിഷ്ട ദേശീയ ജലപാത മാനദണ്ഡങ്ങൾ പാലിക്കാത്ത നിർമ്മാണ പ്രവൃത്തികൾക്ക് ദേശീയ ഉൾനാടൻ ജലപാത അതോറിറ്റിയുടെ (IWAI) നിരാക്ഷേപപത്രം (NOC) ലഭ്യമാകില്ല. മാത്രവുമല്ല സംസ്ഥാനത്തിന്റെ തെക്കും വടക്കും ബന്ധിപ്പിച്ചുകൊണ്ട് കോവളം-ബേക്കൽ വെസ്റ്റ്കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ ജലപാത മാനദണ്ഡങ്ങൾ പാലിക്കാത്ത ചെറിയ പാലങ്ങൾ നിർമ്മിക്കുന്നതിനായി തുക ചെലവഴിക്കുന്നത് പ്രായോഗികമല്ല.

**(ഇ)** അത്തരത്തിൽ അപകടാവസ്ഥയിലുള്ള താനൂർ കനോലി കനാലിന് കുറുകെയുള്ള അങ്ങാടി പാലം റീ ഡെക്ക് ചെയ്ത് വീതി കൂട്ടി പുന:നിർമ്മിക്കുന്നതിനുള്ള അനുമതി പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന് നൽകുന്ന കാര്യം പരിഗണിക്കുമോ?

**<u>മറുപടി:</u>** ജലപാതകൾക്ക് കുറുകെ പൊതുമരാമത്ത് വിഭാഗം നിർമ്മിക്കുന്ന പാലങ്ങൾക്ക് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നിരാക്ഷേപപത്രം (NOC) നല്കാറുണ്ട്. ദേശീയ ജലപാതകൾക്ക് കുറുകെയുള്ള നിർമ്മിതികൾക്ക് IWAI - യുടെ എൻ.ഒ.സി ആവശ്യമാണ്. ജലപാതാ മാനണ്ഡങ്ങൾ പാലിച്ചുകൊണ്ട് അങ്ങാടി പാലം പുനർനിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിക്കുന്ന പക്ഷം ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നിരാക്ഷേപ പത്രം (NOC) നല്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**